LIBRARY ARCHIVES Kerala Legislative Assembly

കെ. ടി. ഡി. സി.-യുടെ കണ്ടക്ടഡ് ടൂറുകൾ

*9 [446] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:
,, വർക്കല കഹാർ:
,, കെ. സി. ജോസഫ്:
,, സി. പി. മുഹമ്മദ്:
,, ജി. കാർത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. ടി. ഡി. സി. ഇപ്പോൾ കണ്ടക്ടഡ് ടൂറുകൾ നടത്തുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെനിന്ന്; എങ്ങോട്ടെല്ലാമാണ് കണ്ടക്ടഡ് ടൂറുകൾ നടത്തുന്നത്;

(സി) പ്രസ്തുത ടൂറുകൾ ആദായകരമാണോ;

(ഡി) ഇത്തരം ടൂറുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനെപ്പറ്റി പരിഗണിച്ചിട്ടുണ്ടോ?

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

(എ) ഉണ്ട്.

(ബി) തിരുവനന്തപുരത്തുനിന്നും കന്യാകുമാരിയിലേക്ക് ദിവസേന ഒരു ടൂറും, കോവളം, വേളി മുതലായ സ്ഥലങ്ങൾ ഉൾപ്പെടുത്തി സിറ്റി കാണുന്നതിലേക്ക് ദിവസേന മറ്റൊരു കണ്ടക്ടഡ് ടൂറും നടത്തുന്നുണ്ട്.

(സി) ആദായകരമാണ്.

(ഡി) വാഹനങ്ങളുടെ കുറവുകാരണം ടൂറുകളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

കുരുമുളകിന്റെ അനിയന്ത്രിത ഇറക്കുമതി

*10 [447] ശ്രീ. കെ. ബാബു:
,, ജോർജ് ജെ. മാത്യു:
,, എം. എം. ഹസ്സൻ:
,, ലൂഡി ലൂയിസ്:
,, എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുരുമുളകിന്റെ വിലയിടിയുവാനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇന്ത്യൻ മാർക്കറ്റിലേക്കുള്ള വിയറ്റ്നാം കുരുമുളകിന്റെ അനിയന്ത്രിതമായ വരവ് നമ്മുടെ കുരുമുളക് വിലയെ ഏതു വിധത്തിൽ ബാധിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) വിയറ്റ്നാം കുരുമുളകിന്റെ അനിയന്ത്രിതമായ ഇറക്കുമതി അവസാനിപ്പിക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) ഭാരതം ശ്രീലങ്കയുമായി ഏർപ്പെട്ടിട്ടുള്ള സ്വതന്ത്ര വ്യാപാരക്കരാറിന്റെ അടിസ്ഥാനത്തിൽ ശ്രീലങ്കയിൽ നിന്നും എല്ലാ കാർഷികോല്പന്നങ്ങൾക്കും തീരുവ രഹിത ഇറക്കുമതി അനുവദിക്കപ്പെട്ടിട്ടുണ്ട്. ശ്രീലങ്കയിൽ നിന്നുള്ള കുരുമുളകിന്റെ അനിയന്ത്രിതമായ ഇറക്കുമതി ആഭ്യന്തര വിപണിയിൽ കുരുമുളകിന്റെ ലഭ്യത വളരെയധികം വർദ്ധിച്ചിട്ടുണ്ട്. കൂടാതെ അന്താരാഷ്ട്ര തലത്തിൽ കുരുമുളകിന്റെ ഉല്പാദനം വർദ്ധിച്ചിട്ടുള്ളതും കുരുമുളകിന്റെ വിലയിടിയുവാനുള്ള ഒരു കാരണമായി കണക്കാക്കുന്നു.

(ബി) ഇന്ത്യൻ കുരുമുളകിന് അന്താരാഷ്ട്ര വിപണിയിൽ ഗുണമേന്മയെ അടിസ്ഥാനമാക്കി പ്രത്യേക സ്ഥാനവും സാമാന്യം ഭേദപ്പെട്ട വിലയുമാണ് ലഭിച്ചു വന്നിരുന്നത്. എന്നാൽ വിയറ്റ്നാം തുടങ്ങിയ മറ്റു രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യപ്പെടുന്ന ഗുണമേന്മയിൽ പിന്നോക്കം നില്ക്കുന്ന കുരുമുളക് പുനഃകയറ്റുമതിക്കായി ഉപയോഗപ്പെടുത്തുന്നത് ഇന്ത്യൻ കുരുമുളകിന്റെ അന്താരാഷ്ട്ര പ്രശസ്തിയെ പ്രതികൂലമായി ഒരു പരിധിവരെ ബാധിച്ചിട്ടുണ്ട്. 1999-2000 വർഷത്തിൽ 42806 ടൺ കുരുമുളക് ഇന്ത്യയിൽ നിന്നു കയറ്റി അയച്ചിരുന്നെങ്കിൽ അത് 2002-03-ൽ 21609 ടണ്ണായും 2003-04-ൽ 16700 ടണ്ണായും കുറഞ്ഞതായി കാണുന്നു. മറ്റു രാജ്യങ്ങളിലെ ഗുണനിലവാരം കുറഞ്ഞ കുരുമുളക് ശ്രീലങ്ക വഴി ഇന്ത്യയിലേക്ക് തീരുവരഹിതമായി ഇറക്കുമതി ചെയ്യുന്നതായും ആരോപണം ഉണ്ട്. ഇക്കാരണങ്ങൾ എല്ലാംതന്നെ ആഭ്യന്തര കുരുമുളകിന്റെ വിലനിവാരത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന് കരുതുന്നു.

(സി) മറ്റു രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യപ്പെടുന്ന കുരുമുളക് ഉൾപ്പെടെയുള്ള എല്ലാ കാർഷിക ഉല്പന്നങ്ങൾക്കും ഏർപ്പെടുത്താവുന്ന പരമാവധി ഇറക്കുമതി ചുങ്കം ഏർപ്പെടുത്തുക വഴി ഇറക്കുമതിക്ക് നിയന്ത്രണം ഏർപ്പെടുത്തണമെന്നത് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് നിരന്തരം ആവശ്യപ്പെട്ടുവരുന്ന കാര്യമാണ്. എന്നാൽ ഇന്തോ-ശ്രീലങ്കൻ സ്വതന്ത്ര വ്യാപാരക്കരാറിന്റെ അടിസ്ഥാനത്തിൽ തീരുവരഹിതമായ ഇറക്കുമതി അനിയന്ത്രിതമായ സാഹചര്യത്തിലും മറ്റു രാജ്യങ്ങളിലെ നിലവാരം കുറഞ്ഞ കുരുമുളക് ശ്രീലങ്ക വഴി ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യപ്പെടുന്നുവെന്ന നിഗമനങ്ങളുടെ അടിസ്ഥാനത്തിലും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ശ്രീലങ്കയിൽ നിന്നുള്ള കുരുമുളകിന്റെ ഇറക്കുമതി നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും ശ്രീലങ്കയിൽ നിന്നും ഇറക്കുമതി ചെയ്യപ്പെടുന്ന കുരുമുളകിന്റെ സർട്ടിഫിക്കറ്റ് ഓഫ് ഒറിജിൻ നിബന്ധന കർക്കശമാക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly